**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 391** **20-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എട്ട് വർഷമായി നിലച്ചിരിക്കുന്നതിനാൽ മട്ടന്നൂരിലെ കീഴല്ലൂർ ഗ്രാമത്തിൽ ഇരുന്നൂറിലധികം കുടുംബങ്ങൾ ദുരിതം നേരിടുന്നുവെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; | (എ) | ഉണ്ട്.<br><br>കണ്ണൂർ വിമാനത്താവള പദ്ധതിയുടെ റൺവേ, നിലവിലുള്ള 3050 മീറ്ററിൽ നിന്നും 4000 മീറ്ററാക്കി ദീർഘിപ്പിക്കുന്നതിനായി ഏകദേശം 245.33 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് അർത്ഥനാധികാരിയായ കിൻഫ്ര മാനേജിംഗ് ഡയറക്ടർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2013-ലെ RFCTLARR Act ൽ നിഷ്കർഷിച്ചിരിക്കുന്നതു പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകകയുണ്ടായി. തുടർന്ന്, ടി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട Basic Value Report (ബി.വി.ആർ) നടപടികൾ പൂർത്തീകരിച്ചു. ഇതോടെ ഭൂമിയുടെ വില നിർണ്ണയം പൂർത്തിയായി. അടുത്ത ഘട്ടം എന്ന നിലയിൽ ഡിറ്റെയിൽഡ് വാല്യൂ സ്റ്റേറ്റ്മെന്റ് (DVS) തയ്യാറാക്കി വരികയാണ്. ഭൂമിയിലെ കെട്ടിടങ്ങൾ, വിളകൾ, മരങ്ങൾ ഉൾപ്പെടെയുള്ള ചമയങ്ങളുടെ വിലയും അപേക്ഷകന്റെ മറ്റ് ഭൂമിക്കുണ്ടാകുന്ന നഷ്ടവും മറ്റും നിർണ്ണയിക്കുന്നതാണ് ഡി.വി.എസ്. ഇതിൽ വിളകൾ, മരങ്ങൾ എന്നിവയുടെ വില നിർണ്ണയിച്ചു കഴിഞ്ഞു. കെട്ടിടങ്ങളുടെ വില നിർണ്ണയിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് കോഴിക്കോട് REC-യെയാണ്. REC യുടെ പ്രവർത്തനം പകുതിയിലേറെ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കെട്ടിടങ്ങളുടെ വില കൂടി ലഭിച്ചാൽ ഡി.വി.എസ്. പൂർത്തിയാകും.Basic Value Report പ്രകാരം കണക്കാക്കിയ തുകയെ നഗരത്തിൽ നിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ഘടകം കൊണ്ട് ഗുണിക്കുകയും ഡിറ്റെയിൽഡ് വാല്യൂ |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ്മെന്റ് പ്രകാരം കണക്കാക്കിയ തുകയോടൊപ്പം നൂറ് ശതമാനം സോലേഷ്യം കൂടി കണക്കാക്കിയാണ് അന്തിമ അവാർഡ് നിശ്ചയിക്കുന്നത്.<br><br>വില നിർണ്ണയം കഴിഞ്ഞ് കളക്ടർ അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകുന്നതിനെ തുടർന്ന് വസ്തു ഏറ്റെടുക്കുന്നതിനു ആവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് 2013-ലെ RFCTLARR Act പ്രകാരമുള്ള 19(1) പ്രഖ്യാപനം നടത്തുന്നതാണ്. തുടർന്ന് രേഖകൾ പരിശോധിച്ച് (നഷ്ടപരിഹാരത്തുക ) അവാർഡ് വിതരണം ചെയ്യും.<br><br>കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് പ്രത്യേക കരട് പാക്കേജ് തയ്യാറാക്കി സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടർ പ്രത്യേക കരട് പാക്കേജ് തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>കീഴല്ലൂർ ഗ്രാമത്തിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും നടപടികൾ വേഗത്തിലാക്കാനും ബന്ധപ്പെട്ടവരുടെ ഒരു യോഗം ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഈ മാസത്തിൽ തന്നെ ചേരുന്നതാണ്. |
| (ബി) | ഏറ്റെടുക്കുന്നതിനായി സർക്കാർ വിജ്ഞാപനം ചെയ്ത ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ സാധിക്കാത്ത സഹചര്യം ഭൂവുടമകളെ പ്രതിസന്ധിയിലാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം (RFCTLARR Act, 2013) പ്രകാരമുള്ള 11(1) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ, പ്രാഥമിക വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകളിൽ ഏർപ്പെടുകയോ ഇടപാടുകൾക്ക് ഇടയാക്കുകയോ അങ്ങനെയുള്ള ഭൂമിയിൽ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതകൾ ഉണ്ടാക്കുകയോ ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കളക്ടർക്ക് വസ്തുവിന്റെ ഉടമസ്ഥൻ നൽകുന്ന അപേക്ഷയിന്മേൽ പ്രത്യേക കാരണങ്ങൾ<br>രേഖപ്പെടുത്തി ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. |
| (സി) | ഭൂവുടമകൾക്ക് കൂടി സ്വീകാര്യമായ നഷ്ടപരിഹാര-പുനരധിവാസ പാക്കേജ് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | 29/12/2017 ലെ GO(Ms) No.448/2017/RD ഉത്തരവ് പ്രകാരമുള്ള പുനരധിവാസ പാക്കേജിന് ഉപരിയായി എന്തെങ്കിലും ആനുകൂല്യം |

| | | | |
|---|---|---|---|
| | | | അനുവദിക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് സ്പെഷൽ പാക്കേജ് പുറപ്പെടുവിക്കേണ്ടതുണ്ട്.<br><br>കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിന് ഭൂമിയേറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്ന 200 ഓളം കുടുംബങ്ങൾക്ക് പുനരധിവാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു പ്രത്യേക കരട് പാക്കേജ് ശുപാർശ ചെയ്യുവാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് ഗതാഗത വകുപ്പിൽ നിന്നും നിർദേശം നൽകിയിട്ടുള്ളതും ജില്ലാ കളക്ടർ കരട് സ്പെഷൽ പാക്കേജ് തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br><br>കൂടാതെ പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി മാർച്ച് മാസം തന്നെ ഒരു യോഗം വിളിച്ച് ചേർക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | 29/12/2017 ലെ GO(Ms) No.448/2017/RD ഉത്തരവ് പ്രകാരമുള്ള പുനരധിവാസ പാക്കേജിന് ഉപരിയായി എന്തെങ്കിലും ആനുകൂല്യം അനുവദിക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് സ്പെഷൽ പാക്കേജ് പുറപ്പെടുവിക്കേണ്ടതുണ്ട്.<br><br>കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിന് ഭൂമിയേറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്ന 200 ഓളം കുടുംബങ്ങൾക്ക് പുനരധിവാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു പ്രത്യേക കരട് പാക്കേജ് ശുപാർശ ചെയ്യുവാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് ഗതാഗത വകുപ്പിൽ നിന്നും നിർദേശം നൽകിയിട്ടുള്ളതും ജില്ലാ കളക്ടർ കരട് സ്പെഷൽ പാക്കേജ് തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br><br>കൂടാതെ പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി മാർച്ച് മാസം തന്നെ ഒരു യോഗം വിളിച്ച് ചേർക്കുന്നതാണ് |

സെക്ഷൻ ഓഫീസർ